

# അന്യഭാഷയ്ക്ക് സയൻസിന്റെ പിന്തുണ


ജിബി വർഗീസ് മീനടം

ഫിലഡൽഫിയ : 'ഗ്ലോസോലാലിയ' അഥവാ വീണ്ടു ജനനം പ്രാപിച്ച് പെന്റക്കൊസ്റ്റ് അനുഭവത്തിലൂടെ അന്യഭാഷവരം ലഭിച്ചവരുടെ നാവിനാലുള്ള ആരാധന മനുഷ്യനും പരിശുദ്ധാത്മാവുമായി നേരിട്ട് സംസാരിക്കുന്നതാണെന്ന് ശാസ്ത്രീയ പഠനങ്ങൾ.

അമേരിക്കയിലെ പെൻസിൽവാനിയ സർവകലാശാലയുടെ സ്കൂൾ ഓഫ് മെഡിസിനിലെ ശാസ്ത്രജ്ഞൻമാർ നടത്തിയ പരീക്ഷണങ്ങളിലാണ് വേദപുസ്തകത്തിൽ അന്യഭാഷയിലുള്ള ആരാധന സംബന്ധിച്ചുള്ള വചനം ശരിയാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടത്.

''അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു. ആരും തിരിച്ചറിയുന്നില്ലല്ലോ; എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു...'' 1 കോരിന്ത്യർ 14: 2

ഒരു വ്യക്തി ലോകത്തിൽ സാധാരണയുള്ള ഏതു ഭാഷയിൽ സംസാരിച്ചാലും അദ്ദേഹത്തിന്റെ തലച്ചോറിലെ 'സ്പീച്ച് ആൻഡ് ലാംഗേജ് സെന്റർ' അഥവാ സംസാരവും ഭാഷയും നിയന്ത്രിക്കുന്ന ഭാഗം പുർണമായും പ്രവർത്തനനിരതമായിരിക്കും. എന്നാൽ അതേ വ്യക്തി വാസ്തവമായി അന്യഭാഷയിൽ സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ തലച്ചോറിനുള്ളിലെ സ്പീച്ച് ആൻഡ് ലാംഗേജ് സെന്റർ അഥവാ സംസാരവും ഭാഷയും നിയന്ത്രിക്കുന്ന ഭാഗം ഒട്ടും പ്രവർത്തിക്കുന്നില്ലെന്നാണ് പരീക്ഷണങ്ങളിൽ തെളിഞ്ഞത്. പെൻസിൽവാനിയ സർവകലാശാലയിലെ മെഡിക്കൽ സ്കൂൾ റേഡിയോളജി, സൈക്കാട്രി വിഭാഗം പ്രഫസർ ആൻഡ്രൂ ന്യൂബർഗിന്റെ നേതൃത്വത്തിലുള്ള ഒരുസംഘം ഗവേഷകരാണ് പഠനം നടത്തിയത്.




അന്യഭാഷ സംസാരിക്കുന്ന ആളുടെ തലച്ചോറിൽ ഗാമാ കിരണങ്ങളു പയോഗിച്ച് പ്രവർത്തിക്കുന്ന കാമറിയിൽ പകർത്തിയ ചിത്രങ്ങൾ.

പെന്റക്കൊസ്റ്റ് അനുഭവത്തിലുള്ളവരും അല്ലാത്തവരുമായ നിരവധി പേരുടെ തലച്ചോറിന്റെ സപെക്ട് സ്കാനിംഗ് അഥവാ സിംഗിൾ ഫോട്ടോൺ എമിഷൻ കമ്പ്യൂട്ടട്ട് ടോമോഗ്രാഫിയാണ് ഗവേഷണത്തിന്റെ അടിസ്ഥാനം. ഗാമാ കിരണങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്യാമറകളാണ് സ്പെക്ട് സ്കാനിംഗ് നടത്തുന്നത്. മനുഷ്യശരീരത്തിനുള്ളിലെ അവയവങ്ങളുടെയും പ്രത്യേകിച്ച് തലച്ചോറിനുള്ളിലെ ഓരോ ഘടകങ്ങളുടെയും പ്രവർത്തനത്തിനനുസരിച്ച് രക്തം ചെന്നെത്തുന്നതും രക്തത്തിന്റെ അളവ് ഉൾപ്പെടുന്നതുമായ ത്രീമാന ചിത്രങ്ങൾ എടുക്കാമെന്നതാണ് ഈ സാങ്കേതികവിദ്യയുടെ പ്രധാന സവിശേഷത.

അമേരിക്കയിലെ വിവിധ പെന്റക്കൊസ്റ്റ് സഭയിലെ പാസ്റ്റർമാരും മറ്റ് സാധാരണ വിശ്വാസികളുമാണ് ദൈവവചനത്തിന്റെ ആഴം അളക്കാനായി നടത്തിയ പരീക്ഷണത്തിന് വിധേയരായത്.

പരീക്ഷണത്തിനു വിധേയവരായവർ സാധാരണ ഭാഷ സംസാരിക്കുന്നതിന്റെയും വേദപുസ്തകത്തിലെ വചനം പറയുന്നതിന്റെയും ഏതെങ്കിലുമൊരു ഗാനം ആലപിക്കുന്നതിന്റെയും സമയത്ത് തലച്ചോറിന്റെ സ്പെക്ട് സ്കാനിംഗാണ് ആദ്യം നടത്തിയത്. പിന്നീട് അതേ വ്യക്തികളിൽ പെന്റക്കൊസ്റ്റ് അനുഭവമുള്ളവർ അന്യഭാഷ സംസാരിക്കുന്ന വേളയിലുള്ള തലച്ചോറിന്റെ സ്പെക്ട് സ്കാനിംഗും എടുത്തു .

തലച്ചോറിന്റെ ഈ രണ്ടു വ്യത്യസ്ത അവസ്ഥകളുടെയും സ്കാനിംഗ് റിപ്പോർട്ട് പരിശോധിച്ചപ്പോഴാണ് വേദപുസ്തകത്തിലെ വചനം സത്യമാണെന്ന് ശാസ്ത്രം അടിവരയിട്ടുറപ്പിച്ചത്. സാധാരണ ഭാഷ സംസാരിക്കുമ്പോഴും, വചനം പറയുമ്പോഴും പാടുമ്പോഴും അവരുടെ തലച്ചോറിനകത്തുണ്ടായ മാറ്റങ്ങളും മറ്റ് പ്രവർത്തനങ്ങളും അന്യഭാഷവരം ഉപയോഗിക്കുമ്പോൾ തലച്ചോറിനകത്തു സംഭവിക്കുന്നില്ല. അതായത് ഏതെങ്കിലുമൊരു ഭാഷ സംസാരിക്കുമ്പോൾ നാവിനെ നിയന്ത്രിക്കുന്ന അവരുടെ തലച്ചോറിലെ സ്പീച്ച് ആൻഡ് ലാംഗേജ് സെന്ററിൽ രക്തം ധാരാളമായി ഒഴുകിയെത്തുകയും പ്രവർത്തനനിരതമാകുകയും ചെയ്യുന്നു. എന്നാൽ അതേ നാവ്

കൊണ്ട് പരിശുദ്ധാത്മാവിന്റെ ഭാഷ സംസാരിക്കുമ്പോൾ എടുത്ത സ്കാനിംഗ് റിപ്പോർട്ട് പ്രകാരം സ്പീച്ച് ആൻഡ് ലാംഗേജ് സെന്ററിലേക്ക് രക്തത്തിന്റെ ഒഴുക്ക് കുറഞ്ഞ് ആ ഘടകം പ്രവർത്തനം നടത്തുന്നുമില്ല.



പ്രഫസർ ആൻഡ്രൂ ന്യൂബർഗ്

തലച്ചോറിനുള്ളിൽ സംഭവിക്കുന്ന മേൽപറഞ്ഞ മാറ്റം ആദ്ധ്യാത്മീകമന്ത്രങ്ങളും വചനങ്ങളും ഉപയോഗിച്ച് മനസ് ഏകാഗ്രമാക്കുന്ന എല്ലാവരിലും സാധാരണയായി ഉണ്ടാകുന്നതാണോയെന്നും ഗവേഷണസംഘം പഠനം നടത്തുകയുണ്ടായി . ഇതിനുവേണ്ടി നാളുകളായി പുറം ലോകം കാണാതെ എകാഗ്രമായി തപസ് ചെയ്ത് ദൈവവചനവും പ്രാർഥനാ മന്ത്രങ്ങളും ഉരുവിടുന്ന കത്തോലിക്കാ സഭയിലെ ഫ്രാൻസിസ്ക്യൻ സന്യസ്തവിഭാഗങ്ങളെയും ടിബറ്റൻ ബുദ്ധസന്യാസിമാരെയും ഗവേഷണത്തിന് വിധേയമാക്കിയിരുന്നു. എന്നാൽ ഇവരുടെ തലച്ചോറിൽ മനസ് ഏകാഗ്രമാക്കുമ്പോൾ ഉണ്ടാകുന്ന ചില മാറ്റങ്ങൾ കണ്ടെത്തിയെങ്കിലും അന്യഭാഷവരം ഉപയോഗിക്കുന്ന ക്രിസ്തീയ വിശ്വാസികളുടെ തലച്ചോറിലുണ്ടാകുന്ന അസാധാരണ പ്രതിഭാസം കണ്ടെത്താനായില്ല.

''മേൽ വിവരിച്ച പഠനറിപ്പോർട്ടുകൾ പരിശോധിച്ചാൽ അന്യഭാഷവരം ലഭിച്ചവർ മനുഷ്യബുദ്ധിയ്ക്കതീതമായി സംസാരിക്കുന്നുവെന്നാ''ണ് മനസിലാക്കേണ്ടതെന്ന് ഗവേഷണത്തിന് നേതൃത്വം നല്കിയ പ്രൊഫ. ആൻഡ്രൂ ന്യൂബർഗ് പറഞ്ഞു. കൂടാതെ ഇങ്ങനെ അന്യഭാഷയിൽ സംസാരിക്കുന്ന നേരത്ത് ആ വ്യക്തിയുടെ നാവിൻമേൽ അദേഹത്തിന്റെ തലച്ചോറിന്റെ ഭാഷവിഭാഗത്തിന് യാതോരു നിയന്ത്രണവുമില്ലെന്നും പകരം നാവിന്റെ നിയന്ത്രണം ബൈബിളിൽ പറയുന്നതുപോലെ പരിശുദ്ധാത്മാവിനാണെന്ന് വ്യക്തമായും തെളിഞ്ഞിരിക്കുകയാണെന്നും പ്രഫസർ ന്യൂബർഗ് കൂട്ടിചേർത്തു.

തലച്ചോറിലെ ഭാഷാ നിയന്ത്രണഘടകമല്ല പകരം മറ്റേതെങ്കിലും ഭാഗം അന്യഭാഷസംസാരിക്കുന്ന സമയത്ത് പ്രവത്തിക്കുന്നുണ്ടോയെന്നും ഗവേഷകർ പരിശോധിക്കുകയുണ്ടായി. അപ്രകാരം തലച്ചോറിനുള്ളിൽ മറ്റെതെങ്കിലുമൊരു ഘടകം നാവിനെയും സംസാരത്തെയും നിയന്ത്രിക്കുന്നതായി സ്കാനിംഗിൽ കണ്ടെത്താനായില്ല. എന്നാൽ മനുഷ്യന്റെ തലച്ചോറിൽ വികാരവും തിരിച്ചറിവും നിയന്ത്രിക്കുന്ന ഭാഗത്ത് ചില മാറ്റങ്ങൾ കാണാനിടയായെന്ന് പ്രഫസർ ആൻഡ്രൂ ന്യൂബർഗ് പറഞ്ഞു.

വീണ്ടും ജനനം പ്രാപിച്ച ക്രിസ്തീയ വിശ്വാസികളുടെ അന്യഭാഷയെ സംബന്ധിച്ച് ലോകമെങ്ങും അനുകൂലിച്ചും പ്രതികൂലിച്ചും നടക്കുന്ന വാദപ്രതിവാദങ്ങളെ തുടർന്നാണ് ഈ വിഷയം ശാസ്ത്രീയമായി പഠനവിധേയമാക്കാൻ പ്രഫ ആൻഡ്രൂ ന്യൂബർഗ് തീരുമാനിച്ചത്. പഠനത്തിന്റെ അവസാനം ലഭിച്ച ഫലങ്ങൾ അമ്പരപ്പ് ഉളവാക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ലോകമെങ്ങും ചർച്ച ചെയ്യപ്പെടുന്ന ഒരു വലിയ രഹസ്യം പരസ്യമാക്കിയതിന്റെ സന്തോഷത്തിലാണ് പ്രഫ. ന്യൂബർഗ്.

ഇതുവരെ നടത്തിയ ഗവേഷണം ഒരു തുടക്കം മാത്രമാണെന്നും ഇനിയും ഇതു സംബന്ധിച്ച് കൂടുതൽ പഠനവും ഗവേഷണവും തുടരുമെന്നും പ്രഫസർ ആൻഡ്രൂ ന്യൂബർഗും പെൻസിൽവാനിയ സർവകലാശാലയും വ്യക്തമാക്കി.

പ്രഫസർ ആൻഡ്രൂവിന്റെ പഠനത്തിലൂടെ തങ്ങളുടെ ദൈവവിശ്വാസത്തിന് ശാസ്ത്രീയ തെളിവുകൾ ലഭിച്ചതിന്റ സന്തോഷത്തിലാണ് ഗവേഷണത്തിന് വിധേയരായ ക്രിസ്തീയ വിശ്വാസികൾ . വിശ്വാസത്തിന്റെ ഉറപ്പിനാണ് ശാസ്ത്രത്തെ ദൈവം മനുഷ്യന് നല്കിയിരിക്കുന്നതെന്നാണ് അവരുടെ അഭിപ്രായം . വീണ്ടുംജനനം പ്രാപിച്ച അനുഭവത്തിലൂടെ പരിശുദ്ധാത്മാവിനെയും ദൈവാത്മാവിന്റെ വരങ്ങളിലൊന്നായ അന്യഭാഷയും ലഭിച്ചവരെ അപ്പോസ്തോലമാരുടെ കാലം മുതൽ ഇന്നു വരെയും ഭ്രാന്തൻമാരെന്നും മദ്യപിച്ച് ബഹളമുണ്ടാക്കുന്നവർക്ക് തുല്യമെന്നും ലോകം വിളിച്ചാക്ഷേപിച്ചതിന് ദൈവം ശാസ്ത്രത്തിലൂടെ ഈ ആധുനികകാലത്ത് നല്കിയ മറുപടിയാണ് ഈ കണ്ടുപിടുത്തങ്ങളെന്ന് ഗവേഷണത്തിന് വിധേയരായ ക്രിസ്തീയവിശ്വാസികൾ കൂട്ടിച്ചേർത്തു